**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.756** **30/06/2015-ൽ മറുപടിക്ക്**

## ക്യാൻസർ, ഡയബറ്റിക് രോഗികൾക്ക് ചികിത്സാ സൗജന്യങ്ങൾ

**ചോദ്യം**
ശ്രീ.പി.സി. ജോർജ്

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാൻസർ, പ്രമേഹം മുതലായ രോഗങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത രോഗചികിത്സയ്ക്കുള്ള മരുന്നുകൾ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും താഴ്ന്ന നിരക്കിൽ കൊടുക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | റീജിയണൽ കാൻസർ സെന്ററിന്റെ ഫാർമസിയിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ എം.ആർ.പി. (MRP) യെക്കാൾ 20 മുതൽ 50 ശതമാനം വരെ വില കുറച്ചാണ് രോഗികൾക്ക് നൽകുന്നത്. ഇതു കൂടാതെ സർക്കാരിന്റെ വിവിധ പദ്ധതികൾ വഴി ആർ.സി.സി.യിൽ ലഭ്യമായ മരുന്നുകൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.<br>പ്രമേഹം, രക്താതി സമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗത്തിനുള്ള ഏതാനം മരുന്നുകൾ എന്നിവ ആരോഗ്യവകുപ്പിന്റെ വാർഷിക ഇൻഡന്റിൽ ഉൾപ്പെടുത്തി പ്രാഥമിക ആരോഗ്യതലം വരെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ജീവിത ശൈലി രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻസുലിൻ ഉൾപ്പടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. ക്യാൻസർ രോഗത്തിനായി കീമോതെറാപ്പി മരുന്നുകൾ വാങ്ങുന്നതിന് എല്ലാവർഷവും ക്യാൻസർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകൾക്ക് ഫണ്ട് അനുവദിക്കാറുണ്ട്. ഇതിന് പുറമെ സുകൃതം പദ്ധതിയിലൂടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ രോഗികൾക്കും ക്യാൻസർ ചികിത്സയ്ക്കുള്ള ചികിത്സ സൗജന്യമാക്കിയിട്ടുണ്ട്. സാധാരണക്കാരായ ജനങ്ങൾക്ക് RSBY, കാരുണ്യ, ആർ.ബി.എസ്.കെ/ ആരോഗ്യകേരളം തുടങ്ങിയ പദ്ധതികളിലൂടെ ചികിത്സയും മരുന്നും സൗജന്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അസുഖങ്ങളുടെ ലാബ് ടെസ്റ്റിംഗ് നിരക്ക് കൂടുതലാകയാൽ ഇവ സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ താഴ്ന്ന നിരക്കിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ലാബുകളിൽ മിക്കവാറും എല്ലാം തന്നെ സൗജന്യ പരിശോധനയാണ് നടത്തുന്നത്. എന്നാൽ എച്ച്.ഡി.എസ്., എ.സി.ആർ. തുടങ്ങിയ ലാബുകളിൽ താഴ്ന്ന നിരക്കിൽ ഫീസ് ഈടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ